ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 28.05.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പരസ്യപ്രചാരണം വ്യാഴാഴ്ച അവസാനിക്കും. പ്രചാരണം ശക്തമാക്കി രാഷ്ട്രീയ പാർട്ടികൾ

   **Lok Sabha Elections seventh Phase Campaign Ends on Thursday. Political parties intensified their campaign**

2. വനിതാ സംവരണവും ഭാരതീയ ന്യായ് സംഹിതയും ഉൾപ്പെടെയുള്ള സുപ്രധാന നിയമ നിർമ്മാണങ്ങളുടെ പേരിലായിരിക്കും 17-ാം ലോക്സഭ അറിയപ്പെടുകയെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള

   **Lok Sabha Speaker Om Birla said that the 17th Lok Sabha will be known for important legislations including women's reservation and Bharatiya Nyaya Samhita.**

3. വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ ലിബിയൻ രാഷ്ട്രീയകാര്യ ഉപമന്ത്രി എച്ച്.ഇ മുഹമ്മദ് ഖലീൽ ഇസ്സയുമായി കൂടിക്കാഴ്ച നടത്തി. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ ചർച്ചയായി

   **Minister of State for External Affairs V. Muralidharan met with the Libyan Deputy Minister of Political Affairs H.E Mohammad Khalil Issa. Matters for strengthening bilateral relations were discussed**

4. **ജാമ്യകാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ സമർപ്പിച്ച അപേക്ഷ ലിസ്റ്റ് ചെയ്യാൻ സുപ്രീം കോടതിയുടെ അവധിക്കാല ബെഞ്ച് വിസമ്മതിച്ചു**

**Supreme Court'S vacation bench refuses to list plea filed by Delhi Chief Minister Arvind Kejriwal seeking extension of bail**

5. **കേരളത്തിൽ മഴക്കെടുതിയിൽ വൻ നാശനഷ്ടം. തെക്കൻ കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പ്. വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കനത്ത മഴ തുടരുന്നു.**

**Massive damage due to rain in Kerala. Warning not to go fishing in south Kerala and Lakshadweep coasts. Heavy rains continue in various North Indian states**

6. **മിസോറാമിലെ ഐസ്വാളിലുണ്ടായ മണ്ണിടിച്ചിലിൽ 23 പേർ മരിച്ചു**

**23 people died in a landslide in Aizawl, Mizoram**

**&&&&&&&&&&&&&&&&&&**

## ELECTION CAMPAIGNING-INTRO

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിൻറെ പരസ്യപ്രചാരണം മറ്റന്നാൾ അവസാനിക്കിരിക്കെ, പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. ഉത്തർപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ 13 വീതവും പശ്ചിമ ബംഗാളിൽ 9 ഉം ബീഹാറിൽ 8 ഉം ഒഡീഷയിൽ ആറും ജാർഖണ്ഡിൽ മൂന്നും, ഹിമാചൽപ്രദേശിൽ നാലും , ചണ്ഡിഗഢിലെ ഒരു സീറ്റിലുമാണ് ജൂൺ ഒന്നിന് അവസാന ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്.

***വിശദാംശങ്ങളിലേക്ക്...............***

***(വോയിസ്)***

&&&&&&&&&&&&&&&&&&&

## ELECTION CAMPAIGNING-VOICE

ഏഴാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണത്തിനായി പ്രമുഖ നേതാക്കൾ മണ്ഡലങ്ങളിൽ പര്യടനം തുടരുകയാണ്. പ്രധാനമന്ത്രിയും, മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് ജാർഖണ്ഡിലെ ദുംക എയർപോർട്ട് ഗ്രൌണ്ടിൽ പൊതു റാലിയെ അഭിസംബോധന ചെയ്യു. പശ്ചിമബംഗാളിലെ ബർസാത്, ജാദവ്പൂർ എന്നിവിടങ്ങളിൽ പ്രചാരണ യോഗങ്ങളിൽ സംബന്ധിച്ച അദ്ദേഹം കൊൽക്കത്തയിൽ റോഡ് ഷോയിലും പങ്കെടുത്തു. ബി ജെ പി നേതാവും കേന്ദ്ര ആഭ്യന്തര മന്ത്രിയുമായ അമിത് ഷാ ഒഡിഷയിലെ ഭദ്രക്, ജാജ്പൂർ എന്നിവിടങ്ങളിൽ പ്രചാരണ പരിപാടികളിൽ പങ്കെടുത്തു. ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ ഇന്ന് ഹിമാചൽ പ്രദേശിലെ ഷിംലയിലും മണ്ഡിയിലും കിനൗറിലും തിരഞ്ഞെടുപ്പ് റാലികളിൽ സംബന്ധിച്ചു. ഹിമാചൽ പ്രദേശിലെ ഹമീർപൂർ ഉൾപ്പെടെ മൂന്നിടങ്ങളിലാണ് എഐസിസി ജനറൽ സെക്രട്ടറി പ്രയങ്കാ ഗാന്ധി ഇന്ന് പ്രചാരണം നടത്തിയത്. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയും സമാജ്‌വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവും വാരാണസിയിലെ മോഹൻ സരായ് മേഖലയിൽ പ്രചാരണ റാലിയെ അഭിസംബോധന ചെയ്യു. ബൻസ്ഗാവ് ലോക്സഭാ മണ്ഡലത്തിലെ പരിവർത്തൻ സങ്കൽപ് സഭയിലും ഇരുവരും പങ്കെടുത്തു. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ പഞ്ചാബിലെ ഫരീദ്കോട്ടിൽ പൊതുറാലിയെ അഭിസംബോധന ചെയ്യു. ആർജെഡി നേതാവ് തേജസ്വി യാദവ് ബക്സർ, സാസാറാം, ജഹാനാബാദ്, പാടലിപുത്ര മണ്ഡലങ്ങളിൽ റാലികൾ നടത്തി.

ന്യൂസ് ഡസ്ക് ആകാശവാണി..........

&&&&&&&&&&&&&&&&&&&

## BIRLA - 17TH LOK SABHA

വനിതാ സംവരണ ബിൽ, മുത്തലാഖ്, ഭാരതീയ ന്യായ് സംഹിത ബില്ലുകൾ എന്നിവ ഉൾപ്പെടെയുള്ള സുപ്രധാന നിയമനിർമ്മാണങ്ങളുടെ പേരിലായിരിക്കും 17-ാം ലോക്സഭ അറിയപ്പെടുകയെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള. ഈ നിയമങ്ങൾ രാജ്യത്തെ മുന്നോട്ട് നയിക്കുമെന്നും അനിവാര്യമായ മാറ്റങ്ങൾ കൊണ്ടുവരുമെന്നും അദ്ദേഹം വ്യക്തമാക്കി. ന്യൂഡൽഹിയിൽ ആകാശവാണി വാർത്തകളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## PM - KANYAKUMARI

ത്രിദിന സന്ദർശനത്തിനായി പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഈ മാസം 30ന് കന്യാകുമാരിയിലെത്തും. തുടർന്ന് വിവേകാനന്ദപ്പാറയിൽ സന്ദർശനം നടത്തുന്ന അദ്ദേഹം, സ്വാമി വിവേകാനന്ദൻ ധ്യാനത്തിലിരുന്ന ധ്യാൻ മണ്ഡപത്തിലും സമയം ചെലവഴിക്കും.

&&&&&&&&&&&&&&&&&&

## INDIA - LIBYA

വിദേശകാര്യ സഹമന്ത്രി വി.മുരളീധരൻ ലിബിയൻ രാഷ്ട്രീയകാര്യ ഉപമന്ത്രി എച്ച്.ഇ മുഹമ്മദ് ഖലീൽ ഇസ്സയുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള കാര്യങ്ങൾ കൂടിക്കാഴ്ചയിൽ ചർച്ചയായി. ഇന്ത്യക്കും ലിബിയക്കുമിടെയിലെ സഹകരണം കൂടുതൽ മെച്ചപ്പെടുത്താനുള്ള തുടർനടപടികളിലും ചർച്ച നടന്നതായി ശ്രീ വി മുരളീധരൻ സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&&&

## SC–KEJRIWAL

ജാമ്യകാലാവധി നീട്ടണമെന്ന് ആവശ്യപ്പെട്ട് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാൾ സമർപ്പിച്ച അപേക്ഷ ലിസ്റ്റ് ചെയ്യാൻ സുപ്രീം കോടതിയുടെ അവധിക്കാല ബെഞ്ച് വിസമ്മതിച്ചു. മദ്യനയ അഴിമതിയുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിലാണ് ഇടക്കാല ജാമ്യം ഏഴ് ദിവസത്തേക്ക് നീട്ടണമെന്ന് ആവശ്യപ്പെട്ട് അരവിന്ദ് കെജ്രിവാൾ സുപ്രീംകോടതിയെ സമീപിച്ചത്. കോടതിയുടെ മറ്റൊരു ബെഞ്ച് വിധി പറയാനായി മാറ്റിവെച്ച കേസിൽ ഇടപെടാനാകില്ലെന്ന് ജസ്റ്റിസുമാരായ ജെ.കെ.മഹേശ്വരി, കെ.വി.വിശ്വനാഥൻ എന്നിവരുടെ ബെഞ്ച് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&&

## DELHI COURT–ATISHI

ബിജെപി നേതാവ് പ്രവീൺ ശങ്കർ കപൂർ നൽകിയ മാനനഷ്ടക്കേസുമായി ബന്ധപ്പെട്ട് ആം ആദ്മി എംഎൽഎ അതിഷിയോട് ജൂൺ 29ന് ഹാജരാകാൻ ഡൽഹി കോടതി നിർദ്ദേശം. ആം ആദ്മി പാർട്ടിയിൽ ചേരാൻ പണം വാഗ്ദാനം ചെയ്ത് ബിജെപി എംഎൽഎമാരെ സ്വാധീനിക്കാൻ ശ്രമിച്ചെന്ന ഡൽഹി മന്ത്രിയുടെ ആരോപണത്തെ തുടർന്നാണ് കേസ്. ഡൽഹി മുഖ്യമന്ത്രി കെജ്രിവാളിനും കാബിനറ്റ് മന്ത്രി അതിഷിക്കുമെതിരെ ബിജെപി നേതാവ് മാനനഷ്ടക്കേസ് ഫയൽ ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&&

## GOVERNOR

വിവിധ ആവശ്യങ്ങളുമായി സമീപിക്കുന്നവരെ ഒരുപോലെ പരിഗണിക്കാനും അവരോട് നീതിയുക്തമായ സമീപനം പുലർത്താനും സിവിൽ സർവീസ് ഉദ്യോഗസ്ഥർ പ്രതിജ്ഞാബദ്ധരായിരിക്കണമെന്ന് കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. സംസ്ഥാനത്തുനിന്ന് 2023 ലെ സിവിൽ സർവീസ് പരീക്ഷ വിജയിച്ചവരെ അനുമോദിക്കാൻ രാജ് ഭവനിൽ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## RAIN-KERALA

കേരളത്തിൽ കനത്ത മഴ തുടരുന്നു. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോട്ടയം, എറണാകുളം ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ്. തെക്കൻ തമിഴ് നാട് തീരത്തിനു മുകളിൽ ചക്രവാതച്ചുഴി നിലനിൽക്കുന്നതിനാൽ സംസ്ഥാനത്ത് അടുത്ത 7 ദിവസം വ്യാപക മഴ തുടരും. കാലവർഷം അടുത്ത മൂന്ന്-നാല് ദിവസത്തിനുള്ളിൽ കേരളത്തിൽ എത്തിച്ചേരാനാണ് സാധ്യതയെന്നും കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കി. തെക്കൻ കേരള, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## MIZORAM LANDSLIDE

മിസോറാമിൽ, ഐസ്വാളിന്റെ തെക്കൻ പ്രാന്തപ്രദേശത്ത് ക്വാറിയിലുണ്ടായ മണ്ണിടിച്ചിലിൽ 23 പേർ മരിച്ചു. മെൽതും, ഫ്ലിമെൻ മേഖലയിൽ ഇന്ന് രാവിലെയായിരുന്നു മണ്ണിടിച്ചിൽ. മെൽത്തമിൽ ഇതുവരെ 13 മൃതദേഹങ്ങൾ കണ്ടെടുത്തതായും 10 പേർ അവശിഷ്ടങ്ങൾക്കിടയിൽ കുടുങ്ങിക്കിടക്കുന്നതായും അധികൃതർ അറിയിച്ചു. 9 മൃതദേഹങ്ങൾ ഇനിയും കണ്ടെത്താനുണ്ട്. കനത്തമഴ രക്ഷാപ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടാതെ, നിരവധി അന്തർസംസ്ഥാന ഹൈവേകളും മണ്ണിടിച്ചിലിൽ തടസ്സപ്പെട്ടിട്ടുണ്ട്. കനത്ത മഴയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ സ്കൂളുകൾക്കും സർക്കാർ ഓഫീസുകൾക്കും അവധി നൽകിയിരുന്നു. മണ്ണിടിച്ചിലിൽ മരിച്ചവർക്ക് രാഷ്ട്രപതി ദ്രൗപതി മുർമുവും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും അനുശോചനം രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&

## TRIPURA-RAIN

റേമൽ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ത്രിപുരയിൽ കനത്ത മഴ തുടരുന്നു. തുടർച്ചയായി പെയ്യ മഴയിൽ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. നാളെ വരെ മണിക്കൂറിൽ 50 മുതൽ 60 കിലോമീറ്റർ വരെ വേഗതയിൽ കാറ്റ് വീശുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം. അതേസമയം, മോശം കാലാവസ്ഥയെത്തുടർന്ന് ഭാഗികമായി റദ്ദാക്കിയ ട്രെയിനുകളുടെയും വിമാനങ്ങളുടെയും സർവീസുകൾ ഇന്ന് പുനരാരംഭിച്ചു.

&&&&&&&&&&&&&&&&&&

## WB-REMAL

റേമൽ ചുഴലിക്കാറ്റിൽ പശ്ചിമ ബംഗാളിൽ വ്യാപക നാശനഷ്ടം. ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ കെടുതികളിൽ സംസ്ഥാനത്ത് ആറ് മരണവും റിപ്പോർട്ട് ചെയ്തു.

&&&&&&&&&&&&&&&&&&

## FRENCH OPEN TENNIS

ഫ്രഞ്ച് ഓപ്പൺ ടെന്നീസിൽ, ഇന്ത്യൻ താരങ്ങളായ രോഹൻ ബൊപ്പണ്ണയും യുകി ഭാംബ്രിയും പുരുഷ ഡബിൾസ് ആദ്യ റൗണ്ടിൽ ഇന്ന് മത്സരത്തിനിറങ്ങും. രണ്ടാം സീഡായ ബൊപ്പണ്ണയും ഓസ്ട്രേലിയൻ താരം മാത്യു എബ്ഡനും ചേർന്ന സഖ്യം ഫിൻലൻഡ്- ഹംഗറി സഖ്യത്തെയാണ് നേരിടുന്നത്. യുകി ഭാംബ്രി- അൽബാനോ ഒലിവെറ്റി സഖ്യം റഷ്യ - ഓസ്ട്രേലിയ സഖ്യത്തെയും നേരിടും.

&&&&&&&&&&&&&&&&&&

## INDIA- PAPUA NEW GUINEA

പാപുവ ന്യൂ ഗിനിയയിലെ മണ്ണിടിച്ചിലിന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ - പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഇന്ത്യ ഒരു മില്യൺ യുഎസ് ഡോളറിന്റെ അടിയന്തര ധനസഹായം പ്രഖ്യാപിച്ചു. ഈ മാസം 24 ന് പാപുവ ന്യൂ ഗിനിയയിലെ എൻഗ പ്രവിശ്യയിൽ ഉണ്ടായ മണ്ണിടിച്ചിലിൽ നിരവധിപ്പേർ മരിച്ചിരുന്നു. നേരത്തെ പാപുവ ന്യൂ ഗിനിയയിലെ മണ്ണിടിച്ചിൽ ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഖം രേഖപ്പെടുത്തുകയും സഹായവാഗ്ദാനം നൽകുകയും ചെയ്തിരുന്നു.

&&&&&&&&&&&&&&&&&&

## BANGADESH-REMAL CYCLONE

ബംഗ്ലാദേശിന്റെ തീരപ്രദേശങ്ങളിൽ ആഞ്ഞടിച്ച റേമൽ ചുഴലിക്കാറ്റിൽ ഇതുവരെ 13 പേർ മരിച്ചതായി റിപ്പോർട്ട്. അതിശക്ത ചുഴലിക്കാറ്റ് കരതൊട്ടതിന് പിന്നാലെ രാജ്യത്തെ വിവിധയിടങ്ങളിൽ 30,000-ത്തിലധികം വീടുകൾ പൂർണമായി തകർന്നു. ഒരു ലക്ഷത്തി 50,000-ത്തിലധികം വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 37 ലക്ഷത്തിലധികം ആളുകളെ റേമൽ സാരമായി ബാധിച്ചു. ശക്തമായ കാറ്റിലും മഴയിലും ബംഗ്ലാദേശിലെ തെക്കൻ ജില്ലകളിലേക്കുള്ള വൈദ്യുതി വിതരണവും ഇന്റർനെറ്റ് സേവനവും തടസ്സപ്പെട്ടു. ഇന്നലെ പെയ്ത കനത്ത മഴയിൽ ധാക്ക, ചാട്ടോഗ്രാം നഗരങ്ങളുടെ ചില ഭാഗങ്ങൾ വെള്ളത്തിനടിയിലായതോടെ ജനജീവിതം ദുസ്സഹമായി. നിലവിൽ, സിൽഹറ്റിലും പരിസര പ്രദേശങ്ങളിലും നിലനിന്നിരുന്ന ന്യൂനമർദം ദുർബലമാവുകയും വടക്ക്-കിഴക്ക് ഭാഗത്തേക്ക് നീങ്ങുകയും ചെയ്തതായി ബംഗ്ലാദേശ് കാലാവസ്ഥ വിഭാഗം അറിയിച്ചു.

&&&&&&&&&&&&&&&&&&

## STOCK

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . ബോംബെ ഓഹരി സൂചിക സെൻസെക്സ് 220 പോയിന്റ് നഷ്ടത്തിൽ 75,170 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 44 പോയിന്റ് കുറഞ്ഞ് 22,888 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവിലയിൽ വർധന. സ്വർണം ഗ്രാമിന് 20 രൂപ ഉയർന്ന് 6,685 രൂപയും, പവന് 160 രൂപ വർധിച്ച് 53,480 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## PLUS ONE

പ്ലസ് വൺ പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെൻറ് നാളെ പ്രസിദ്ധീകരിക്കും. ആദ്യ അലോട്ട്മെൻറ് അടുത്ത മാസം അഞ്ചിനും രണ്ടാം അലോട്ട്മെൻറ് 12നും മൂന്നാം അലോട്ട്മെൻറ് 19നും പ്രസിദ്ധീകരിക്കും. പ്ലസ് വൺ ക്ലാസുകൾ 24ന് ആരംഭിക്കും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&